# കെ. സി. എസ്. എൽ, പാലാ രൂപത

## 1. കുട്ടികളുടെ പത്രം (പുതുക്കിയ നിബന്ധനകളോടുകൂടി)

- എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം
- ഒരു വിഭാഗത്തിൽ നിന്ന് 4 പേരടങ്ങുന്ന മൂന്ന് ടീമിന് പങ്കെടുക്കാം
- Sheet Size A3, 4 Pages. പേപ്പറിന്റെ ഒരു വശം മാത്രം ഉപയോഗിച്ചാൽ മതിയാകും (അതായത്, 4 Separate Sheets)
- സമയം 2 മണിക്കൂർ
- സ്വന്തം കൈപ്പടയിൽ വൃത്തിയായി എഴുതിയും വരച്ചും തയ്യാറാക്കാം
- നിങ്ങളുടെ സ്കൂളിലെ വാർത്തകളാകാം, പ്രചോദനാത്മക വിശേഷങ്ങളാകാം, നാടിന്റെ ചരിത്രമാകാം, വിശുദ്ധരുടെയും മഹാന്മാരുടെയും സൂക്തങ്ങളാവാം,
- കവിതയും കാർട്ടൂണും കുട്ടിക്കഥയും നുറുങ്ങുചിന്തയുമാകാം
- ഓരോ മാറ്ററിന്റെയും തലക്കെട്ടുകൾക്കു പ്രത്യേക പരിഗണന. പത്രത്തിനും പൊതുശീർഷകം ഉണ്ടായിരിക്കണം
- ചിത്രങ്ങൾ സ്വയം വരയ്ക്കുകയോ മറ്റെവിടെനിന്നെങ്കിലും വെട്ടിയെടുത്തത് ഒട്ടിക്കുകയോ ചെയ്യാം
- പത്രാധിപക്കുറിപ്പും ബോർഡും ഉണ്ടാവണം
- പേപ്പറും പേനയും അനുബന്ധസാമഗ്രികളും അവരവർതന്നെ കരുതേണ്ടതാണ്.
- മത്സരം പാലാ അൽഫോൻസാ കോളേജിൽ സെപ്റ്റംബർ 21 ന് രാവിലെ 10 ന് ആരംഭിക്കും. രജി. ഫീസ്. ഒരാൾക്ക് 25 രൂപ

## 2. 'ടീച്ചേഴ്സ് ഡേ' – വിഷിംഗ് കാർഡ് മത്സരം

സെപ്റ്റംബർ 5 – അദ്ധ്യാപകദിനത്തോടനുബന്ധിച്ച് എന്റെ ടീച്ചർ ആരായിരിക്കണം എന്ന വിഷയത്തെ ആധാരമാക്കി ടീച്ചേഴ്സ് ഡേ വിഷിംഗ് കാർഡ് മത്സരം സംഘടിപ്പിച്ചിരിക്കുന്നു. മാതൃകാദ്ധ്യാപകനെക്കുറിച്ചുള്ള പത്തു പോയിന്റ്സ് കാർഡിൽ ഉൾപ്പെടുത്തിയിരിക്കണം. മെറ്റീരിയൽസ് എന്തുമാവാം. അതായത്, പേപ്പർതന്നെ വേണമെന്നു നിർബന്ധമില്ല. ആകൃതി, വലിപ്പം ഇവ സംബന്ധിച്ചും പ്രത്യേക നിബന്ധനകളില്ല. ഭാവനയനുസരിച്ച് എന്തുമാകാം.

ഹയർസെക്കൻഡറി, ഹൈസ്ക്കൂൾ, യു. പി വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം. മത്സരം വ്യക്തിഗതമാണ്. സ്കൂളിൽ ഒരു വിഭാഗത്തിൽനിന്ന് മൂന്നുപേർക്കു മത്സരിക്കാം. മികച്ച മൂന്നെണ്ണം കെ. സി. എസ്. എൽ രൂപത ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി സെപ്റ്റംബർ 29. രജി. ഫീസ്: ഒന്നിന് 25 രൂപ.

## 3. അൽഫോൻസാ ആക്ഷൻ സോങ് മത്സരം

- എൽ. പി, യു. പി വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം.
- ഒരു വിഭാഗത്തിൽ നിന്ന് ഒരു ടീം. ഒരു ടീമിൽ 5 പേർ
- സമയം പരമാവധി 3 മിനിട്ട്
- വി. അൽഫോൻസാമ്മയുമായി ബന്ധപ്പെട്ട ഒരു ഗാനം പാടി അഭിനയിക്കുകയാണു വേണ്ടത്.
- ഗാനത്തിനനുസരിച്ചുള്ള ആംഗ്യഭാവചലനങ്ങളാവാം, നൃത്തച്ചുവടുകൾ വേണ്ട
- Uniformity ക്കുവേണ്ടി ലളിതവും സഭ്യവുമായ വേഷവിതാനമാകാം.
- രജി. ഫീസ് ഒരാൾക്ക് 20 രൂപ
- മത്സരം പാലാ അൽഫോൻസാ കോളേജിൽ സെപ്റ്റംബർ 21 ന് രാവിലെ 10 മണിക്ക് ആരംഭിക്കും

## 4. കത്തെഴുത്ത് മത്സരം

- എൽ. പി, യു. പി വിഭാഗങ്ങൾക്കു വെവ്വേറെയാണ് മത്സരം
- സമയം പരമാവധി അര മണിക്കൂർ
- എഴുത്തിന്റെ ഉള്ളടക്കം, ഘടന, ഭാഷാരീതി, കൈയക്ഷരം എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്
- ഫുൾസ്കാപ്പ്പേപ്പറിന്റെ ഒരു വശത്തുമാത്രം ഒതുങ്ങുന്ന കത്താണ് ഉദ്ദേശിക്കുന്നത്
- വരയിട്ട പേപ്പറും പേനയും മത്സരസമയത്തു നല്കുന്നതായിരിക്കും
- മത്സരം സെപ്റ്റംബർ 21 ന് രാവിലെ 10 മണിക്ക് പാലാ അൽഫോൻസാ കോളേജിൽ ആരംഭിക്കും
- രജി. ഫീസ് ഒരാൾക്ക് 25 രൂപ

**മത്സരവിഷയം**

മൂന്നു വിഷയങ്ങൾ മുൻകൂട്ടി തന്നിരിക്കുകയാണ്. ഇതിൽ ഒരു വിഷയം മത്സരസമയത്ത് നറുക്കിട്ടു നിശ്ചയിക്കുന്നതായിരിക്കും.

1. എസ്. എസ്. എൽ. സി പരീക്ഷയിൽ ഫുൾ എ പ്ലസ് വാങ്ങിയ നിങ്ങളുടെ പരിചയത്തിലുള്ള ഒരു ജ്യേഷ്ഠസുഹൃത്തിനെ അനുമോദിച്ചുകൊണ്ടുള്ള കത്ത്
2. നവമാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് നിങ്ങളുടെ ഒരു സുഹൃത്തിനുള്ള കത്ത്
3. അമ്മമലയാളം എന്ന വിഷയത്തെക്കുറിച്ച് ബാംഗ്ലൂർ താമസിക്കുന്ന നിങ്ങളുടെ ഒരു സുഹൃത്തിനുള്ള കത്ത്

## 5. അൽഫോൻസാ കളറിംഗ് - രൂപതാതല മത്സരം

അൽഫോൻസാ കളറിംഗ് രൂപതാതല മത്സരം ഒക്ടോബർ 2 ന് രാവിലെ 10 മണിക്ക് അൽഫോൻസാ കോളേജിൽ വച്ച് നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സ്ഥാന ങ്ങൾ ലഭിച്ചവർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾ വാട്ടർകളറും എൽ. പി വിഭാഗം ക്രയോൺസുമാണ് ഉപയോഗിക്കേ ണ്ടത്.

## 6. അദ്ധ്യാപകർക്ക് ലേഖനമത്സരം

**വിഷയം :- സൈബർലോകവും യുവതലമുറയും**

- പാലാ രൂപതാർത്തിയിലുള്ള സ്കൂളുകളിലെ അധ്യാപകരെയാണ് ഉദ്ദേശിക്കുന്നത്.
- ജാതിമതപ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാം.
- എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി, എൽ. പി വിഭാഗങ്ങൾക്ക് വേർതിരിവില്ല.
- പരമാവധി പത്ത് പേജ്. ഫുൾസ്കാപ്പ് പേപ്പറിന്റെ ഒരു വശത്തുമാത്രം എഴുതുക.
- നിങ്ങളുടെ പേരും വിലാസവും ഫോൺനമ്പറും പ്രത്യേകം പേപ്പറിലെഴുതി ലേഖന ത്തോടൊപ്പം പിൻചെയ്യേണ്ടതാണ്.
- മുൻകൂട്ടി പ്രസിദ്ധീകരിച്ചവ പരിഗണിക്കുന്നതല്ല.
- രജി. ഫീസ് 100 രൂപ
- ലേഖനം കെ. സി. എസ്. എൽ രൂപത ഓഫീസിൽ എത്തിക്കേണ്ട അവസാനതീ യതി 2018 സെപ്റ്റംബർ 29.

## 7. പ്രഥമാധ്യാപകനോടൊത്തു സംവാദം

**'സൈബർയുഗത്തിലെ വിദ്യാർത്ഥികൾ'** എന്ന കെ. സി. എസ്. എൽ പഠനവിഷ യത്തെ അടിസ്ഥാനമാക്കി പ്രഥമാധ്യാപകനോടൊത്ത് കെ. സി. എസ്. എൽ ആനിമേറ്ററും ലീഡേഴ്സും നടത്തുന്ന സംവാദം ഫീച്ചറായി എഴുതി രൂപത ഓഫീസിൽ ഏല്പിക്കേണ്ട അവസാനതീയതി - 2018 സെപ്റ്റംബർ 29.

- എച്ച്. എസ്. എസ്, എച്ച്. എസ് വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം.
- രജി. ഫീസ് 50 രൂപ (ടീമിന്)

## 8. സാഹിത്യോത്സവം - തീയതിയിൽ മാറ്റം

സെപ്റ്റംബർ 20 ന് നടത്താനിരുന്ന സാഹിത്യോത്സവം ഒക്ടോബർ 13 ലേക്ക് മാറ്റി യിരിക്കുന്നു. എൻട്രി ഫോം രൂപത ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി - സെപ്റ്റംബർ 29

***എല്ലാ അധ്യാപകർക്കും അധ്യാപകദിനത്തിന്റെ ആശംസകൾ***

News Letter 7 ഡയറക്ടർ

4/9/2018 ഫാ. കുര്യൻ തടത്തിൽ